**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1016** **11-02-2025 - ൽ മറുപടിയ്ക്ക്**

**പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്ത പേരാമ്പ്ര, കുറ്റ്യാടി മണ്ഡലങ്ങളിൽ ഉൾപ്പെട്ട പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി നടപ്പിലാക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. ടെൻഡർ നടപടികൾ പൂർത്തിയാക്കി, പദ്ധതിയുടെ കരാർ 07.09.2020-ന് നടപ്പിലാക്കി. തുടർന്ന് പദ്ധതി പ്രവൃത്തികൾ പുരോഗമിക്കവേ, കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചു.<br><br>കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒന്നാമത്തെയും, രണ്ടാമത്തെയും ബാലൻസ് ബില്ലും, ബാക്കിയുള്ള പദ്ധതി പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബിയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും, കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ചു നൽകുകയും ചെയ്തു.<br><br>കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ രൂപരേഖ, പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.യിൽ സമർപ്പിക്കുകയും, എൻ.ഐ.ടി. പദ്ധതി പ്രദേശം സന്ദർശിച്ചു പുതുക്കിയ രൂപരേഖയ്ക്കുള്ള അംഗീകാരം നൽകുകയും ചെയ്തു. കിഫ്ബിയുടെ ചീഫ് ടെക്നിക്കൽ എക്സാമിനർ ഉൾപ്പടെയുള്ള ഉദ്യോഗസ്ഥരും കെ.ഐ.ഐ.ഡി.സി.യിലെ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തുകയും, അതിൻ പ്രകാരം പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും കരാറുകാരൻ പൂർത്തീകരണ കാലാവധി സംബന്ധിച്ച സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള കരാർ 2016 ഡി.എസ്.ആർ. ആസ്പദമാക്കിയുള്ളതാണ്. ആയത് അടിസ്ഥാനമാക്കിയാണ് പുതുക്കിയ എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി, കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നത്. കിഫ്ബിയിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റിനുള്ള അംഗീകാരം ലഭിക്കുന്ന മുറയ്ക്കും, ടി എസ്റ്റിമേറ്റ് പ്രകാരമുള്ള സപ്ലിമെന്ററി എഗ്രിമെന്റ് കരാറുകാരൻ വെക്കുന്നതിന്റെ മുറയ്ക്കും പദ്ധതി പ്രവൃത്തികൾ പുനരാരംഭിക്കാൻ സാധിക്കുന്നതാണ്. ആയതിനാൽ പുതിയ ടെൻഡർ ചെയ്യുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രവൃത്തി പഴയ കരാറിലാണോ നിലവിൽ ചെയ്യുന്നതെന്ന് അറിയിക്കാമോ; അല്ലെങ്കിൽ പുതിയ ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി നടപ്പിലാക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. ടെൻഡർ നടപടികൾ പൂർത്തിയാക്കി, പദ്ധതിയുടെ കരാർ 07.09.2020-ന് നടപ്പിലാക്കി. തുടർന്ന് പദ്ധതി പ്രവൃത്തികൾ പുരോഗമിക്കവേ, കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചു.<br><br>കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒന്നാമത്തെയും, രണ്ടാമത്തെയും ബാലൻസ് ബില്ലും, ബാക്കിയുള്ള പദ്ധതി പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബിയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും, കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ച് നൽകുകയും ചെയ്തു.<br><br>കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ രൂപരേഖ, പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടിയിൽ സമർപ്പിക്കുകയും, എൻ.ഐ.ടി. പദ്ധതി പ്രദേശം സന്ദർശിച്ച് പുതുക്കിയ രൂപരേഖയ്ക്കുള്ള അംഗീകാരം നൽകുകയും ചെയ്തു. കിഫ്ബിയുടെ ചീഫ് ടെക്നിക്കൽ എക്സാമിനർ ഉൾപ്പടെയുള്ള ഉദ്യോഗസ്ഥരും കെ.ഐ.ഐ.ഡി.സി.യിലെ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തുകയും, അതിൻ പ്രകാരം പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും കരാറുകാരൻ പൂർത്തീകരണ കാലാവധി സംബന്ധിച്ച സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള കരാർ 2016 ഡി.എസ്.ആർ. ആസ്പദമാക്കിയുള്ളതാണ്. ആയത് അടിസ്ഥാനമാക്കിയാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി, കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നത്. കിഫ്ബിയിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റിനുള്ള അംഗീകാരം ലഭിക്കുന്ന മുറയ്ക്കും, ടി എസ്റ്റിമേറ്റ് പ്രകാരമുള്ള സപ്ലിമെന്ററി എഗ്രിമെന്റ് കരാറുകാരൻ വെക്കുന്നതിന്റെ മുറയ്ക്കും പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ പുനരാംരംഭിക്കാൻ സാധിക്കുന്നതാണ്. ആയതിനാൽ പുതിയ ടെൻഡർ ചെയ്യുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ